**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

## പി.എം.ജി .എസ്.വൈ.IIൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3171 — 21-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ.IIൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിനാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നത്; | (എ) | പി.എം.ജി.എസ്.വൈ.II പ്രകാരം 570 കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം അനുമതി നൽകിയതിൽ എത്ര പ്രോജക്ടുകൾക്കാണ് ഇതുവരെയായി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്; | (ബി) | പി.എം.ജി.എസ്.വൈ.II പ്രകാരം 319.948 കി.മീ ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിൽനിന്ന് അംഗീകാരം ലഭിക്കുന്നതിനായി എത്ര പ്രോജക്ടുകളാണ് സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ; പ്രസ്തുത പ്രൊജക്ടുകൾക്ക് അംഗീകാരം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (സി) | പി.എം.ജി.എസ്.വൈ.II-ന്റെ അംഗീകൃത ടാർജറ്റിൽ 250 കിലോമീറ്ററാണ് ബാക്കിയുണ്ടായിരുന്നതെങ്കിലും സംസ്ഥാനം 277.288 കിലോമീറ്റർ ദൈർഘ്യം വരുന്ന 70 റോഡുകളുടെയും 4 പാലത്തിന്റെയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2017 ആഗസ്റ്റ് മാസം 13, 14 തീയതികളിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക സംഘം സംസ്ഥാനത്ത് പദ്ധതി പ്രദേശങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. ഉടൻതന്നെ പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പി.എം.ജി.എസ്.വൈ.III പ്രകാരം സംസ്ഥാനത്തേക്ക് 2017-18 വർഷത്തേക്കുള്ള ടാർജറ്റ് നിശ്ചയിച്ച് അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ? | (ഡി) | അറിയിപ്പ് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**